# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

അടിയന്തിര ചോദ്യം. 2 — 09/04/2013-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടത്

## ഉദ്യോഗസ്ഥ - ഭരണ പരിഷ്ക്കാര വകുപ്പിലെ പ്രവൃത്തി പഠന സെക്ഷനുകളെപ്പറ്റിയുള്ള ഐ.എം.ജിയുടെ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ, എം.എൽ.എ | ശ്രീ.ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഉത്തരവാദിത്വപ്പെട്ട സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠന സെക്ഷനുകളെക്കുറിച്ച് പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള ഐ.എം.ജി എന്ന സ്ഥാപനം ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പ്രസ്തുത വകുപ്പിന് കീഴിലുള്ള ഒരു സ്ഥാപനം അത്തരം ഒരു പഠനം നടത്തുന്നത് ചട്ടങ്ങൾക്കനുസൃതമാണോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) സർക്കാരിന്റെ, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ളതും, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും, സർക്കാരിന്റെ സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയി പ്രവർത്തിക്കുന്നതുമായ സ്വയംഭരണ സ്ഥാപനമാണ് ഐ.എം.ജി. ഈ സ്ഥാപനത്തെ ഭരണ വകുപ്പിന്റെ തന്നെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുവാൻ ചുമതലപ്പെടുത്തിയത് നീതിയുക്തമോ ചട്ടങ്ങൾക്കനുസൃതമോ അല്ല എന്ന് കാണുന്നു. ഇക്കാര്യം പരിശോധിക്കുന്നതും അതുവരെ പ്രസ്തുത സ്റ്റഡി നിറുത്തിവയ്ക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്. |

| | |
|---|---|
| (സി) പ്രസ്തുത പഠനം മുഖ്യമന്ത്രിയുടെ അംഗീകാരത്തോടു കൂടിയാണോ നടത്തുന്നത്; വ്യക്തമാക്കുമോ; | (സി) മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമല്ല നടത്തുന്നത്. 31.12.2012 ലെ സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസ കോൺഫറൻസിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിവരുന്ന പ്രവൃത്തിപഠനത്തിന്റെ രീതികളും സംവിധാനവും അടിയന്തിരമായി പരിശോധിക്കേണ്ടതുണ്ടെന്നും ആയതിനാൽ അക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.എം.ജി ഡയറക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.. |
| (ഡി) പ്രവൃത്തിപഠന സെക്ഷനുകൾ ഇപ്പോൾ നിർവഹിച്ചു വരുന്ന ജോലി പുറത്തുള്ള പ്രൊഫഷണൽ സംഘങ്ങളേയോ വ്യക്തികളേയോ ഏൽപ്പിക്കുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ; | (ഡി) ഇത്തരം ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. അതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.. |
| (ഇ) ഐ.എം.ജി നടത്തുന്ന പ്രസ്തുത പഠനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; | (ഇ) ഐ.എം.ജി നടത്തുന്ന പ്രസ്തുത പഠനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 4558/എ.ആർ.6(1)/13/ഉ.ഭ.പ.വ എന്ന ഫയലിൽ പരിശോധിച്ച് വരുന്നു. |
| (എഫ്) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (എഫ്) പ്രസ്തുത നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി 03.04.2013-ന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവരുടെ ഒരു മീറ്റിംഗ് വിളിച്ച് ചേർത്തിരുന്നു. ഈ മീറ്റിംഗിൽ സെക്രട്ടറിമാരുടെ ഒരു ടീമിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ സംബന്ധിച്ച് ഒരു വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

S. [signature]

സെക്ഷൻ ഓഫീസർ